# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3705** — **14/03/2017-ൽ മറുപടിക്ക്**

## ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) ഗുണമേന്മയുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന ചുമതല.<br>ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 / റൂൾസ് 1945, ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ് ആക്ട്, 1954), കേരളാ ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലോഫുൾ പൊസഷൻ) ആക്ട് 1971, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013, കേരള പോയ്സൺ റൂൾസ് 1996, നാർക്കോട്ടിക് ഡ്രഗ്സ് & സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് 1986 എന്നീ നിയമങ്ങൾക്ക് വിധേയമായി ഈ വകുപ്പ് താഴെപ്പറയുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു<br>* മരുന്നു സാമ്പിളുകളുടെ ഗുണനിലവാര പരിശോധന<br>* മരുന്നു നിർമ്മാണം (അലോപ്പതി, ആയുർവേദം, ഹോമിയോ, കോസ്മെറ്റിക്സ്) ലൈസൻസുകൾ<br>*മരുന്നുവിൽപ്പന/ വിതരണ (അലോപ്പതി) ലൈസൻസുകൾ<br>* ബ്ലഡ് ബാങ്ക്/ബ്ലഡ് സ്റ്റോറേജ് ലൈസൻസുകൾ<br>* പോയിസൺ ലൈസൻസുകൾ/ പെർമിറ്റുകൾ<br>* നാർക്കോട്ടിക് മരുന്നുകളുടെ അലോട്ട്മെന്റുകൾ<br>* പാലിയേറ്റീവ് സെന്ററുകൾക്കുള്ള |

→

| | | | |
|---|---|---|---|
| | | | മോർഫിൻ മരുന്നുകളുടെ അലോട്ട്മെന്റ്<br>* മരുന്നു സംബന്ധമായ പരാതികളുടെ അന്വേഷണവും നടപടിയും<br>* മരുന്നുകൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധന<br>* നിയമലംഘനങ്ങളുടെ മേൽ വകുപ്പുതല നിയമ നടപടികൾ |
| **ബി)** | 2015-16 കാലയളവിൽ വകുപ്പ് എത്ര പരിശോധനകൾ നടത്തിയെന്നും എത്ര സാംപിളുകൾ ടെസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | **ബി)** | വിശദാംശം അനുബന്ധമായി നൽകി-യിരിക്കുന്നു. |

Reena

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | നടത്തിയ പരിശോധനകളുടെ എണ്ണം | സസ്പെന്റ് ചെയ്ത ലൈസൻസുകളുടെ എണ്ണം | ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 1936 | 115 | 986 |
| കൊല്ലം | 1503 | 28 | 973 |
| ആലപ്പുഴ | 1139 | 96 | 570 |
| കോട്ടയം | 1038 | 39 | 576 |
| പത്തനംതിട്ട | 684 | 28 | 368 |
| എറണാകുളം | 1879 | 149 | 768 |
| ഇടുക്കി | 328 | 34 | 182 |
| തൃശ്ശൂർ | 1556 | 105 | 997 |
| പാലക്കാട് | 1089 | 124 | 576 |
| കോഴിക്കോട് | 1896 | 54 | 918 |
| മലപ്പുറം | 1053 | 59 | 574 |
| കണ്ണൂർ | 1187 | 60 | 812 |
| വയനാട് | 306 | 11 | 156 |
| കാസർഗോഡ് | 329 | 15 | 176 |
| **ആകെ** | **15923** | **917** | **8632** |